ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥാപനങ്ങൾക്ക് സംഭവിക്കുന്ന നാശനഷ്ടത്തിന് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകാൻ വ്യവസ്ഥ യില്ല. എങ്കിലും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരു മാനം കൈക്കൊള്ളുന്നതാണ്.

100 (657) വീടും കൃഷിയും നശിച്ചവർക്ക് ധനസഹായം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്കിലെ ഊർങ്ങാട്ടിരി പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ഈയിടെയുണ്ടായ കനത്ത മഴയെത്തുടർന്ന് ഉരുൾപൊട്ട ലിലും മലവെള്ളപ്പാച്ചിലിലും വീടും കൃഷിയും നശിച്ചവർക്ക് സർക്കാർ ധന സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി)ഉരുൾപൊട്ടലിൽ മൂന്ന് വീടുകൾ പൂർണ്ണമായും, 11 വീടു കൾ ഭാഗികമായും നശിച്ചുപോയതിന് ധനസഹായമായി 59,000/- രൂപയും കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായമായി നൽകുന്നതിന് 1,16,285/-രൂ പയും അനുവദിച്ചിട്ടുണ്ട്.

101 (658) പുതിയ താലൂക്ക് രൂപീകരണം

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് പുതുതായി താലൂക്കുകൾ രൂപീ കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രഖ്യാപനം എന്ന് നടത്തുവാനാണ് ഉദ്ദേശി ക്കുന്നത്;

(സി) കായംകുളം താലൂക്ക് രൂപീകരണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) റവന്യൂ പുനഃസംഘടന കാലതാമസം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) പുതുതായി താലൂക്കുകൾ രൂപീകരി ക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ജനസംഖ്യ, ഭൂവിസ്തൃതി, പിന്നോക്കാവസ്ഥ എന്നീ കാര്യങ്ങളൊക്കെ പരിഗണിച്ചാണ് പുതിയ താലൂക്കു കൾ രൂപീകരിക്കുന്നത്. സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും ഇക്കാര്യത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്. എല്ലാ കാര്യങ്ങളും പരിഗണിച്ച് കഴിവതും വേഗം ഒരു പുനഃസംഘടന നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly